**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 175

26.09.2016 ൽ മറുപടിക്ക്

## ടി.എച്ച്.ക്യു. നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ടി.എച്ച്.ക്യു നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ശബരിമലയുടെ താലൂക്ക് ആശുപത്രിയായ ഇവിടെ സ്റ്റാഫ് പാറ്റേൺ പ്രകാരം മതിയായ തസ്തിക സൃഷ്ടിക്കാത്തതുമൂലം ജീവനക്കാരും രോഗികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | മതിയായ ജീവനക്കാരില്ലാത്തതു മൂലം പുതുതായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം പോലും പൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | പമ്പയിൽ ചേർന്ന ശബരിമല അവലോകനയോഗ തീരുമാനപ്രകാരം റാന്നി ടി.എച്ച്.ക്യു വിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ സമർപ്പിച്ചെങ്കിലും, പോസ്റ്റുകൾ ഇതേവരെ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തു കൊണ്ടാണ് ഇത് സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; | (ഡി) & (ഇ) | ഉണ്ട്. ശബരിമല തീർത്ഥാടന മേഖലയുമായി ബന്ധപ്പെട്ട പ്രധാന ആശുപത്രിയായ റാന്നി താലൂക്ക് ആശുപത്രിയിൽ 7 ഡോക്ടർമാരുൾപ്പടെ 24 അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ ശുപാർശ തേടുകയുണ്ടായി. ശബരിമല തീർത്ഥാടന കാലം ഒരു വർഷത്തിൽ ഏകദേശം രണ്ട് മാസം മാത്രമാണെന്നുള്ളതിനാൽ തീർത്ഥാടനകാലത്തെ ആവശ്യങ്ങൾ നേരിടുന്നതിലേക്കായി ഇതര വകുപ്പുകൾ (ആഭ്യന്തരം, മോട്ടോർ വാഹന വകുപ്പ്) ചെയ്യുന്നതുപോലെ മറ്റിടങ്ങളിൽ നിന്നും ജീവനക്കാരെ താൽക്കാലികമായി മാറ്റി നിയമിക്കുവാൻ പ്രസ്തുത വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി.<br>റാന്നി താലൂക്ക് ആശുപത്രി, ശബരിമല തീർത്ഥാടന മേഖലയുമായി ബന്ധപ്പെട്ട പ്രധാന ആശുപത്രിയാകയാലും പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം മതിയായ തസ്തിക ഇല്ലാത്തതിനാലും, ധനകാര്യ വകുപ്പ് നൽകിയ ശുപാർശ പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ സമർപ്പിക്കുവാൻ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത ഫയലിന്മേൽ ധനകാര്യ വകുപ്പ് സമർപ്പിക്കുന്ന പുനഃപരിശോധനാ ശുപാർശയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | റാന്നി ടി.എച്ച്.ക്യു വിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ